

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: **doekm.ksad@kerala.gov.in**
ഫോൺ : **0484-2422271**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി 11)1584/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 21/11/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി 11)1584/2024 തീയ്യതി: 21/11/2024

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-10-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	21-10-2024	28-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-10-2024	28-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ടെസി.എം, ഓഡിറ്റ് ഓഫീസർ
ശ്രീ പ്രസാദ് പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ സന്തോഷ് കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ഹരീഷ് പി.ആർ. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.റോസി ജോഷി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ ഷിബു.എം.കെ	സെക്രട്ടറി	01-04-2023	05-07-2023

ശ്രീ.ആന്റണി റോഷൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	06-07-2023	18-07-2023
ശ്രീ സുനിൽകുമാർ എൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	19-07-2023	01-08-2023
ശ്രീ.ആന്റണി റോഷൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-08-2023	02-08-2023
ശ്രീമതി രേണു എ.ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-08-2023	25-08-2023
ശ്രീ. ഷാജിമോൻ എൻ..എം	സെക്രട്ടറി	26-08-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ആന്റണി റോഷൻ	അസി.സെക്രട്ടറി	01-04-2023	02-08-2023
ശ്രീമതി രേണു എ.ബി	അസി.സെക്രട്ടറി	03-08-2023	03-09-2023
ശ്രീ.മൈക്കിൾ കെ.എഫ്	അസി.സെക്രട്ടറി	04-09-2023	31-03-2024
ശ്രീമതി.സുൽഫിയത്ത്.എൻ.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ.മെഹ്റു വീരാൻ	വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി.സബീറ ബീവി	കൃഷി ഓഫീസർ	01-04-2023	20-06-2023
ശ്രീമതി രേഷ്മ ജെ.വിജയൻ	കൃഷി ഓഫീസർ	21-06-2023	31-03-2024
ശ്രീ സജീവ് കുമാർ പി.ആർ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി.ഹരിത സുരേഷ് .എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീമതി.സിമി അഹമ്മു	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ശ്രീമതി.രാധാമണി പി	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2023	01-09-2023
ശ്രീമതി ദീപ്തി എസ്.ആർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	02-09-2023	31-03-2024
ഡോ.ടിന്റു സാറാ രാജു	മെഡിക്കൽ ഓഫീസർ എഫ്.എച്ച്,സി	01-04-2023	31-07-2023
ഡോ.ശോഭ പി	മെഡിക്കൽ ഓഫീസർ എഫ്.എച്ച്,സി	01-08-2023	31-03-2024
ശ്രീമതി.സുജ ദേവൻ	സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്	01-04-2023	01-08-2023
ശ്രീമതി.ഫസീറ മോൾ ടി.എ	സബ് ഇൻസ്പക്ടർ ഓഫ് ഫിഷറീസ്	02-08-2023	31-03-2024
ശ്രീമതി.അനീഷ.എൻ.എ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പുത്തൻവേലിക്കര	01-04-2023	31-03-2024
ശ്രീമതി.സാന്ദ്ര തോമസ് കെ.ടി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഇളന്തിക്കര	01-04-2023	31-03-2024
ശ്രീമതി സിന്ധു ടി.ആർ	ഹെഡ്മിസ്ട്രസ്സ്,പി.എസ്.എം ജിഎൽപിഎസ് പുത്തൻവേലിക്കര	01-04-2023	14-05-2023
ശ്രീമതി.മീര പി.കെ	ഹെഡ്മിസ്ട്രസ്സ്,പി.എസ്.എം ജിഎൽപിഎസ് പുത്തൻവേലിക്കര	15-05-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-1
2	ഓഡിറ്റ് സാക്ഷ്യപത്രം	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല	1-1-3
5	ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ	1-1-4
6	തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും ലെഡ്ജറിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-5
7	ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും ബന്ധപ്പെട്ട ലെഡ്ജറുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഫണ്ട് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	തൊഴിലുറപ്പ് പദ്ധതി	1-6
13	ക്ഷേമ പദ്ധതികൾ	1-7
14	ക്യാഷ് ബാലൻസ് പരിശോധന	1-8
15	ആഭ്യന്തര നിയന്ത്രണം	1-9
16	മാലിന്യസംസ്ക്കരണം - ഹരിതകർമ്മസേനയിലൂടെ	1-10
17	തൊഴിൽ നികുതി - അപാകതകൾ	1-11
18	ലൈസൻസ് -അപാകതകൾ	1-12
19	വസ്തു നികുതി കുടിശ്ശിക – സമയബന്ധിതമായി ഈടാക്കേണ്ടതാണ്	1-13
20	ലൈസൻസ് എടുത്ത സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല	1-14
21	മഴക്കാലപൂർവ്വ ശുചീകരണം - ആവശ്യമുള്ള സമയത്ത് പ്രവൃത്തികൾ നടത്തിയിട്ടില്ല	1-15
22	വാടക – അപാകതകൾ	1-16
23	എൻ.ആർ.ഇ.ജി.എ. - റോഡ് വർക്കുകൾ നടത്തുന്ന പ്രവൃത്തിയിലെ അപാകതകൾ	1-17
24	ഇലക്ഷൻ നിക്ഷേപം മുതൽ കൂട്ടിയില്ല	1-18
25	മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം-അപാകതകൾ	1-19
26	സെപ്റ്റിക് ടാങ്ക് നിർമ്മാണം-അപാകതകൾ	1-20
27	തുടർ സാക്ഷരതാ പ്രവർത്തനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹51250/- തടസ്സം	1-21
28	സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ	1-22
29	കേരള ബാങ്ക് അക്കൗണ്ട്- പലിശ ലഭ്യമാകുന്നില്ല	1-23
30	ജി.എസ്.ടി തുക അടവാക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗിച്ച് റിട്ടേൺ ഫയൽ ചെയ്തു	1-24
31	ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് ആപ്പ്-പ്രവർത്തനക്ഷമമായില്ല	1-25
32	നിക്ഷേപപ്രവൃത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല-₹21,84,566/- തടസ്സപ്പെടുത്തുന്നു.	1-26
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		

ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ/ വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **27.07.2024 ലെ 1(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **27.07.2024** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **പുത്തൻവേലിക്കര ഗ്രാമ** പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2024** തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പുത്തൻവേലിക്കര** ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്
തീയതി: 15.11.2024 **ഡെപ്യൂട്ടി ഡയറക്ടർ**

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase / Decrease In Cash And Cash Equivalents"

ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3,72,665/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)44,86,279/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി വർഗ്ഗീകരിച്ച ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

1-1-4 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-1-5 തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും ലെഡ്ജറിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് ₹1,117/-ആണ്. എന്നാൽ ബന്ധപ്പെട്ട ലെഡ്ജർ പ്രകാരം (320100128) ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് ബാധ്യത നീക്കിയിരിപ്പ് ₹117/-ആണ്. ഒരു സാമ്പത്തിക വർഷം 100 തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയവർക്ക് സംസ്ഥാനസർക്കാർ പ്രത്യേകമായി നൽകിയ ₹1000/- ഗുണഭോക്താവ് മരണപ്പെട്ടതിനാൽ നൽകാൻ കഴിഞ്ഞിട്ടില്ലെന്നും, ആ തുകയാണ് ബാങ്ക് അക്കൗണ്ടിൽ അധികമായി കാണുന്നതെന്നും, സ്റ്റേറ്റ് ഷെയർ ആയതിനാൽ തൊഴിലുറപ്പ് പദ്ധതിയുടെ കണക്കിലല്ല ഈ തുക ചേർത്തിട്ടുള്ളതെന്നും ഓഡിറ്റ് എൻകയറിക്കുള്ള (നം.1/23.10.2024) മറുപടിയിൽ അറിയിച്ചു. ചെലവഴിക്കാത്ത സംസ്ഥാനവിഹിതം ട്രഷറിയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടച്ച് തൊഴിലുറപ്പ് പദ്ധതിയുടെ ബാങ്ക് അക്കൗണ്ട് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-1-6 ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും ബന്ധപ്പെട്ട ലെഡ്ജറുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

320700204 -Contribution For Joint Venture Projects -From Block Panchayath എന്ന ഹെഡിലെ നീക്കിയിരിപ്പ് ₹21,86,028/-യും, 320700205 Contribution For Joint Venture Projects -From Jilla Panchayath എന്ന ഹെഡിലെ നീക്കിയിരിപ്പ് ₹95,780/-യും, ആണ്. അതനുസരിച്ച് ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പ് ₹22,81,808/-ആകേണ്ടതാണ്. എന്നാൽ തൻവർഷത്തെ നീക്കിയിരിപ്പ് തുക ₹15,73,579/- മാത്രമാണ്. ഈ തുകയാണ് വർഷാവസാനം സർക്കാർ റിഡെംപ്ഷൻ നടത്തിയിട്ടുള്ളത്. വ്യത്യാസം സംബന്ധിച്ച് ഓഡിറ്റ് എൻകയറി (1/23.10.2024) നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. പരിശോധിച്ച് മറുപടി നൽകേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1(1), തീയതി 27.03.2023)		റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് (തീരുമാനം 1(2), തീയതി 12.02.2024)
മുന്നിരുപ്പ് ഉൾപ്പെടെ വരവ്	₹39,94,01,823	₹43,79,96,966
ചെലവ്	₹39,30,51,409	₹41,83,98,202

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	₹2,27,56,199/-
വരവ്	₹5,05,54,432/-
ആകെ	₹7,33,10,631/-
ചെലവ്	₹5,01,81,767/-
നീക്കിയിരിപ്പ്	₹2,31,28,864/-

വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻ ബാക്കി	വരവ് (അലോട്ട്മെന്റ്)	ആകെ	ചെലവ്	ലാപ്സായ തുക	നീക്കിയിരിപ്പ്
വികസനഫണ്ട് -ജനറൽ	0	1,99,21,000	1,99,21,000	1,80,11,491	19,09,509	0
വികസനഫണ്ട്-എസ്.സി.പി.	0	69,30,000	69,30,000	60,87,589	8,42,411	0
സംരക്ഷണഗ്രാന്റ്-റോഡ്	0	1,74,08,000	1,74,08,000	81,07,774	93,00,226	0
സംരക്ഷണഗ്രാന്റ്-നോൺറോഡ്	0	24,96,600	24,96,600	24,95,903	697	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക്	5,08,080	33,64,432	38,72,512	8,99,804	0	29,72,708
ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ട്	17,61,866	24,74,000	42,35,866	25,93,594	0	16,42,272
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-320100198-ശുചിത്വമിഷൻ ഗ്രാന്റ്	21,10,042	4,11,494	25,21,536	4,53,494	0	20,68,042
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ-അങ്കണവാടി പൂരക പോഷകാഹാരം-320100125	1,37,935	17,89,335	19,27,270	7,15,491	0	12,11,779
320100160-സമ്പൂർണ്ണ ഗ്രാമീണ ഭവനം	0	1,06,00,000	1,06,00,000	92,00,000	0	14,00,000
320100202-ആരോഗ്യ ഗ്രാന്റ്-ലാബ് പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ	1,06,643	9,79,511	10,86,154	7,59,911	0	3,26,243
320100203-ആരോഗ്യ ഗ്രാന്റ്-സബ്സെന്ററുകളുടെ നിർമ്മാണം	1,11,898	4,08,803	5,20,701	3,60,793	0	1,59,908
320300199-മറ്റ് സർക്കാർ ഗ്രാന്റുകൾ	0	1,17,313	1,17,313	17,313	0	1,00,000
320100197-സാക്ഷരത	1,275	44	1,319	0	0	1,319
320100190-വിമുക്തി	27,353	0	27,353	0	0	27,353
320100161-ഗ്രാമീണ അടിസ്ഥാന വികസനം	1,015	0	1,015	0	0	1,015
320100999-മറ്റ് ബാധ്യതകൾ	36,690	0	36,690	0	0	36,690

ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്-ജനറൽ- **29,53,410/-**
ജി.ഒ പ്രോജക്റ്റ്-വികസനഫണ്ട്- എസ്.സി.പി-**11,81,098/-**

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ(₹)	നടപ്പാക്കിയത് (പൂർത്തിയായത്)	പദ്ധതി ചെലവ്(₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
193	26,53,73,237	143	6,47,54,864	37	13	74.09%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	5,42,073	4,09,672	9,51,745	9,51,628	117
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത	0	3,06,50,474	3,06,50,474	3,06,50,474	0

ആകെ	5,42,073	3,10,60,146	3,16,02,219	3,16,02,102	117

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക(₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	57,57,600	491
വിധവാ പെൻഷൻ	1,28,20,100	1224
വാർദ്ധക്യകാല പെൻഷൻ	2,72,55,000	2960
വികലാംഗ പെൻഷൻ	35,58,200	319
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതപെൻഷൻ	12,03,200	114
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	2,40,000	8

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2024 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹7926/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1. **പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല :**
വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. വർക്കിങ്ങ് ഗ്രൂപ്പുകൾ ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മോണിറ്ററിങ്ങ് സമിതിയായി പ്രവർത്തിക്കേണ്ടത്. എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ മരാമത്ത് പ്രോജക്റ്റുകളിൽ ഒഴികെ ഒന്നിലും തന്നെ മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് എഴുതി വച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയായിട്ടുണ്ട് എന്ന് മാത്രമാണ് റിപ്പോർട്ടിലുള്ളത്. പ്രോജക്ടിന്റെ വിജയം ശക്തവും കാര്യക്ഷമവുമായ മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണിറ്ററിങ്ങ് സമിതികൾ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2. **ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല:**
ഗ്രാമപഞ്ചായത്തിന്റെ 1996-97 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന വാർഷിക ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ യഥാസമയം തന്നെ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടാതെ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ടുമാസത്തിനകം, റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട ആഭ്യന്തര നിയന്ത്രണ ഉപാധികളായ ഈ ചട്ടം പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

3. **സർക്കാർ ഗ്രാന്റ് വിനിയോഗം കാര്യക്ഷമമല്ല:**
തൻവർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ്വിഹിതമായി ലഭിച്ച ₹1,74,08,000/- യിൽ ₹93,00,226/-യും ലാപ്സാവുകയുണ്ടായി. പഞ്ചായത്ത് റോഡുകളുടെ പരിപാലനത്തിന് അനുവദിക്കുന്ന തുക സമയബന്ധിതമായി പ്രോജക്റ്റ് നിർവ്വഹണം നടത്തി മുഴുവൻ തുകയും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-10 മാലിന്യസംസ്ക്കരണം - ഹരിതകർമ്മസേനയിലൂടെ

ഗ്രാമപഞ്ചായത്തിലെ ഖരമാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ നടപ്പാക്കുന്നതിന് 2019 മുതൽ വിവിധ പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. പഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

എറണാകുളം ജില്ലയിൽ പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 19.87 ചതുരശ്ര കിലോമീറ്റർ ആണ്. 2011 ലെ സെൻസസ് പ്രകാരം 28054 ജനസംഖ്യയുള്ള പഞ്ചായത്തിൽ ആകെ 17 വാർഡുകളാണ് ഉള്ളത്. ആകെ ആൾതാമസമുള്ള വീടുകൾ 8045 എണ്ണമാണ്. 716 സ്ഥാപനങ്ങളും ഇവിടെ നിലവിലുണ്ട്. ഇവിടങ്ങളിൽ നിന്നും ഹരിതകർമ്മസേന അജൈവ മാലിന്യം ശേഖരിക്കുന്നുണ്ട്. 2020-ലാണ് ഇവിടെ ഹരിതകർമ്മസേന രൂപീകരിച്ചത്. ഓരോ വാർഡിലും രണ്ട് അംഗങ്ങൾ വീതം 17 വാർഡുകളിലായി ആകെ 34 അംഗങ്ങളാണ് പഞ്ചായത്തിലെ ഹരിത കർമ്മസേനയിലുള്ളത്.

മാലിന്യ ശേഖരണ കാര്യക്ഷമത

നിത്യജീവിതത്തിന്റെ ഭാഗമായുണ്ടാകുന്ന അജൈവമാലിന്യങ്ങൾ കഴുകി വൃത്തിയാക്കി ഉണക്കി കൈമാറുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. താഴെ ചേർക്കും വിധം മാലിന്യശേഖരണ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം
പ്ലാസ്റ്റിക്, പഴയ ചെരിപ്പ്, ബാഗ്, തെർമ്മോക്കോൾ	ജനുവരി, ജൂലൈ
പ്ലാസ്റ്റിക്, കണ്ണാടി, കുപ്പി, ചില്ല്	ഫെബ്രുവരി, ആഗസ്ത്
പ്ലാസ്റ്റിക്, ഇ-മാലിന്യം, മരുന്ന് സ്ട്രിപ്പുകൾ	മാർച്ച്, സെപ്റ്റംബർ
പ്ലാസ്റ്റിക്, പഴയ ചെരിപ്പ്, ബാഗ്, തെർമ്മോക്കോൾ	ഏപ്രിൽ, ഒക്ടോബർ
പ്ലാസ്റ്റിക്, കണ്ണാടി, കുപ്പി, ചില്ല്	മെയ്, നവംബർ
പ്ലാസ്റ്റിക്, ഇ-മാലിന്യം, മരുന്ന് സ്ട്രിപ്പുകൾ	ജൂൺ, ഡിസംബർ

തയ്യാറാക്കിയ കലണ്ടർ പ്രകാരം ഏറെക്കുറെ മാലിന്യ ശേഖരണം നടന്നുവരുന്നുണ്ട്. മാലിന്യ ശേഖരണം സംബന്ധിച്ച് ജനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതിന് നോട്ടീസ് വിതരണം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ട്.

മാലിന്യ വേർതിരിവ് പാലിക്കൽ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് ആണ് എം.സി.എഫ്. ആയി ഉപയോഗിച്ചുവരുന്നത്. എം.സി. എഫ് ആക്കാൻ പറ്റിയ കെട്ടിടഘടന ഇതിനില്ലാത്തതിനാൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യം വേർതിരിക്കാൻ പര്യാപ്തമായ സ്ഥലസൗകര്യം ഇവിടെ കുറവാണ്. എന്നിരുന്നാലും മാലിന്യം വേർതിരിച്ച് മാലിന്യനീക്കം നടക്കുന്നുണ്ട്.

റീസൈക്ലിംഗ്

പാതയോരങ്ങളിലും പൊതുഇടങ്ങളിലും ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ കൃത്യമായി പ്ലാസ്റ്റിക് കുപ്പികൾ നിക്ഷേപിക്കപ്പെടുന്നില്ല. സാമൂഹ്യവിരുദ്ധർ ചില്ലുകുപ്പികൾ ചുറ്റും വലിച്ചെറിയുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നതായി പഞ്ചായത്ത് അറിയിച്ചു. ഇതിന് പരിഹാരമുണ്ടാക്കേണ്ടതാണ്.

കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ഹരിതസഭ, കുട്ടികളുടെ ഹരിതസഭ, ഹരിത കർമ്മസേനയ്ക്കൊപ്പം എന്നീ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്ക്കരണ മേഖലയിൽ ഒരു വർഷം 7179 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. 2023-24 വർഷം യൂസർ ഫീ ഇനത്തിൽ ₹36,61,415/- വരവ് വന്നിട്ടുണ്ട്. ഓരോ അംഗവും ശേഖരിക്കുന്ന യൂസർ ഫീ-യുടെ 10% കൺസോർഷ്യത്തിൽ നൽകി ബാക്കി 90% ആണ് വേതനമിനത്തിൽ നൽകുന്നത്. പഞ്ചായത്തിലെ 34 ഹരിതകർമ്മസേനാംഗങ്ങൾക്ക് ശരാശരി ₹10,000.00 ആണ് പ്രതിമാസം വരുമാനമായി ലഭിക്കുന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ട് വേണ്ടി വരുന്നില്ല.

അടിസ്ഥാന സൗകര്യവികസനം

മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി ഒരു വാഹനം ഇല്ല. വാർഡുകളിൽ നിന്നും എം.സി.എഫ്-ലേക്ക് മാലിന്യം എത്തിക്കുവാൻ കാട്ടേഷൻ വഴി

തെരഞ്ഞെടുത്ത ഒരു വാഹനമാണ് നിലവിൽ ഉപയോഗിക്കുന്നത്. സ്വന്തമായി വാഹനം വാങ്ങുന്നത് പരിഗണിക്കേണ്ടതും, ഹരിതകർമ്മസേനാംഗങ്ങളിൽ നിന്നുതന്നെ ഡ്രൈവിംഗിന് ആളെ കണ്ടെത്തുന്നതും ഉചിതമായിരിക്കും.

പാരിസ്ഥിതിക ആഘാതം

പൊതുനിരത്തുകളിലും ഇടങ്ങളിലും മാലിന്യം തള്ളുന്നത് തടയുന്നതിന് എൻഫോഴ്സ്മെന്റ് സ്കാഡ് നിശ്ചിത ഇടവേളകളിൽ പരിശോധനകൾ നടത്താറുണ്ട്.

പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പ്രായോഗിക തലത്തിൽ മാലിന്യസംസ്കരണം, ഹരിതമിത്രം ആപ്ലിക്കേഷൻ എന്നിവ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്ക് 3 ദിവസത്തെ 'കപ്പാസിറ്റി ബിൽഡിംഗ്' പരിശീലനം നൽകിയിട്ടുണ്ട്.

നിയമങ്ങൾ പാലിക്കൽ

പൊതുജനങ്ങളുടെ സഹകരണക്കുറവ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് തടസ്സമാകാറുണ്ട്. മാലിന്യം വലിച്ചെറിയുന്ന പ്രവണത പല സ്ഥലങ്ങളിലും കാണപ്പെടുന്നുണ്ട്.

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എല്ലാ മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. ഹരിതമിത്രം ആപ്പ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തന ക്ഷമമായിട്ടില്ല. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ ഇതിന്റെ അവസ്ഥാവിശകലനം നടത്താറുണ്ട്.

നേട്ടങ്ങൾ/പുരസ്കാരങ്ങൾ

പഞ്ചായത്തിലെ ഹരിതകർമ്മസേനക്ക് എടുത്തുപറയാവുന്ന പുരസ്കാരങ്ങളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

അടിസ്ഥാന വിവരങ്ങൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് ആണ് എം.സി.എഫ്. ആയി ഉപയോഗിച്ചുവരുന്നത്. എം.സി.എഫ് ആക്കാൻ പറ്റിയ കെട്ടിടഘടന ഇതിനില്ലാത്തതിനാൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് മാലിന്യം വേർതിരിക്കാൻ പര്യാപ്തമായ സ്ഥലസൗകര്യം ഇവിടെ കുറവാണ്. ജി.ഒ(ആർ.ടി)നം 912/2024/ത.സ്വ.ഭ.വ തീയതി 25.05.2024 പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എം.സി.എഫ് കളുടെ പ്രവർത്തന നടപടിക്രമം (Standard Operating Procedure-SOP) സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 6.1 ൽ എം.സി.എഫ്-കളുടെ ഘടന എപ്രകാരമാകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ മേൽ ഉത്തരവിലെ നിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കാനുതകുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിൽ എം.സി.എഫ് ആയി പ്രവർത്തിക്കുന്ന കെട്ടിടത്തിനില്ല. സൂചിത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കത്തക്കവിധം പുതിയ എം.സി.എഫ് നിർമ്മിക്കാൻ ശ്രമങ്ങളുണ്ടാകേണ്ടതാണ്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം എം.സി.എഫ് ആയി ഉപയോഗിക്കുന്നതുവഴി കെട്ടിടത്തിന്റെ നിർമ്മാണലക്ഷ്യം സാധ്യമാകുന്നില്ല. പഞ്ചായത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട വരുമാനം ലഭിക്കാതെയും പോകുന്നു. ആയതിനാൽ ലഭ്യമായ സ്ഥലത്ത് മേൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന സൗകര്യങ്ങളോടുകൂടിയ പുതിയ എം.സി.എഫ് നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. മാലിന്യ കൈമാറ്റ കാര്യക്ഷമത

ശേഖരിച്ച അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്കാണ് കൈമാറുന്നത്. ഈ സ്ഥാപനവുമായി 18.06.2021 ൽ ഉണ്ടാക്കിയ കരാർ പ്രകാരം കിലോ ഗ്രാമിന് ₹10/-എന്ന നിരക്കിൽ ഇതിനായി കമ്പനിക്ക് നൽകുന്നുണ്ട്. മാലിന്യം കാലതാമസം കൂടാതെ നീക്കം ചെയ്യാൻ സാധിക്കുന്നുണ്ട്. ആയതിനാൽ തന്നെ മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകുന്നില്ല.

3. മാലിന്യ സംഭരണ ശേഷി

മാലിന്യം സംഭരിക്കുന്ന എം സി എഫിന് സംഭരണശേഷി കുറവാണ്. എന്നിരുന്നാലും മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥയില്ല.

4. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാലിന്യം ഇനം തിരിക്കുന്നതിന് സേനാംഗങ്ങൾക്ക് കൈയുറ, മാസ്ക്, ഫസ്റ്റ് എയ്ഡ് കിറ്റ്, എന്നിവ ലഭ്യമാക്കിയിരുന്നു. ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടമായതിനാൽ മറ്റ് സുരക്ഷാ സംവിധാനങ്ങളൊന്നും ഒരുക്കിയിട്ടില്ല.

5. ശുചിത്വമാനദണ്ഡങ്ങൾ

എം സി എഫ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. മാലിന്യം നനയാതെ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പരിസരത്ത് മലിനീകരണ പ്രശ്നങ്ങളൊന്നും നിലവിലില്ല.

6. യഥാസമയം മാലിന്യം കൈയ്യൊഴിയൽ

ക്ലീൻ കേരള കമ്പനിക്കാണ് മാലിന്യം കൈമാറുന്നത്. യഥാസമയം മാലിന്യം കൈമാറുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ:

സാമ്പത്തിക പുരോഗതിയോടൊപ്പം നഗരവത്ക്കരണവും സംഭവിച്ചതിന്റെ ഫലമായി ഉയർന്നു വന്ന ഏറ്റവും വലിയ വെല്ലുവിളിയാണ് മാലിന്യ സംസ്ക്കരണം. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വർദ്ധിച്ച ഉപയോഗവും മാലിന്യ സംസ്ക്കരണം ദുഷ്ക്കരമാക്കി. ഈ സാഹചര്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം അതീവ പ്രാധാന്യമുള്ളതാണ്. എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനു ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. പാതയോരങ്ങളും പൊതു ഇടങ്ങളും മാലിന്യരഹിതമായി സൂക്ഷിക്കുന്നതിന് പൊതുജന അവബോധം വളർത്തുന്നതിനായി ബോട്ടിൽ ബൂത്ത്, ബിന്നുകൾ എന്നിവ സ്ഥാപിക്കേണ്ടതാണ്. മാലിന്യ സംസ്ക്കരണ പ്രക്രിയയിൽ തൊഴിൽ സൃഷ്ടിക്കലും കൂടി ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വരുമാന വർദ്ധനവിന് ഉതകുന്ന തരത്തിൽ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്. മാലിന്യപ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം എന്ന നിലയിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും, തുണി കൊണ്ടുള്ള ക്യാരിബാഗ് ഉപയോഗം പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. ഇതിനായി കുറഞ്ഞ ചെലവിൽ ഉപയോഗ ശൂന്യമായ തുണിയിൽ നിന്നുള്ള തുണി സഞ്ചി നിർമ്മാണം വില്പന എന്നിവ ഹരിതകർമ്മസേനാംഗങ്ങൾക്ക് തന്നെ ഏറ്റെടുക്കാവുന്നതാണ്.

ഹരിതകർമ്മസേനാംഗങ്ങൾക്ക് സുരക്ഷിതമായി മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം എം.സി.എഫ് കളിൽ ഒരുക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി - അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാരുടെ തൊഴിൽ നികുതി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ അർദ്ധവാർഷിക വരുമാനവും, പ്രസ്തുത ജിവനക്കാരുടെ നിലവിലെ തസ്തികയും പരിഗണിക്കുമ്പോൾ ഒരു മാസത്തെ ശമ്പളത്തിന്റെ വിവരങ്ങളാണ് അർദ്ധവാർഷിക വരുമാനമായി ചില സ്ഥാപനങ്ങൾ തൊഴിൽ നികുതി റിട്ടേണിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) മന്നം മെമ്മോറിയൽ എൻ.എസ്.എസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ
ബി) ചിത്തിര ഫ്യൂവൽസ്

2. ഇന്റേറിയ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

3. തൊഴിൽ നികുതി രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ എഗ്രിമെന്റ് വച്ചിട്ടുള്ള കരാറുകാർ ആരും തന്നെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

4. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ക്ഷീരസംഘങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

5. തൊഴിൽ നികുതി രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ലൈസൻസ് രജിസ്റ്റർ നം	കെട്ടിട നമ്പർ	സ്ഥാപനത്തിന്റെ പേര	ജീവനക്കാരുടെ എണ്ണം
1	41	11/201 എ	ബിഗ് ബ്രന്നാന ഐലന്റ് റിട്രീറ്റ് പ്രൈവറ്റ് ലിമിറ്റഡ്	8
2	129	3/161എ	ലിൻസൻ കമ്പനി	6
3	178	11/314 എ	ക്രാങ്കനോർ ഹിസ്റ്ററി കഫേ	13
4	375	15/148	ബിയോൺ ലൈഫ് കെയർ	6

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് 23.10.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 3 ന് മറുപടി ലഭ്യമാക്കിയതിൽ മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങൾക്ക് ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ലൈസൻസ് എടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ വിവരങ്ങൾ ശേഖരിച്ച് അവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. മേൽ ഖണ്ഡികകളിൽ ചേർത്തിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ലൈസൻസ് -അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസല്ല ഈടാക്കിയിട്ടുള്ളത്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര	ലൈസൻസ് രജിസ്റ്റർ നം. / കെട്ടിട നം.	മേഖല/ മൂലധന നിക്ഷേപം	ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ്/ സ്ഥാപനത്തിന്റെ തരം	ഈടാക്കിയിട്ടുള്ള ലൈസൻസ് ഫീസ്/ സ്ഥാപനത്തിന്റെ തരം
1	ക്രാങ്കനോർ ഹിസ്റ്ററി കഫേ	178, 11/314 എ	സേവനമേഖല, 1 കോടി	5,000/ സ്മോൾ	1,000/ മിനി
2	ഡ്യാമ്പിയൻസ് റിട്രീറ്റ്	190, 1/400	സേവന മേഖല, 3 കോടി	10,000/ മീഡിയം	5,000/ സ്മോൾ

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 23.10.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകയറി നം.4 ന് മറുപടി ലഭ്യമാക്കിയതിൽ മേൽ പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടതായ ലൈസൻസ് ഫീസ് ഈടാക്കി ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 വസ്തു നികുതി കുടിശ്ശിക – സമയബന്ധിതമായി ഈടാക്കേണ്ടതാണ്

2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കുടിശ്ശിക 391460.95 രൂപയാണ്. ആകെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഹെഡ്	തുക
1	പാർപ്പിട കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (തൻവർഷം)	235581.00
2	പാർപ്പിട കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്)	45133.95
3	പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (തൻവർഷം)	80445.00

4	പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്)	30301.00
	ആകെ	391460.95

2022-23 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി ഇനത്തിലെ ആകെ കുടിശ്ശിക 148162.95 രൂപയായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല എന്ന് കാണുന്നു. ആകെ വന്നിട്ടുള്ള തുകകൾ പിരിച്ചെടുക്കുവാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 23.10.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 5 ന് മറുപടി ലഭ്യമാക്കിയതിൽ നാളിതുവരെയുള്ള കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും മുഴുവൻ നികുതിയും ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് എടുത്ത സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കുന്നുവെന്ന് ഉറപ്പാക്കുന്നില്ല

2023-24 സാമ്പത്തിക വർഷത്തിലെ പാരാമെഡിക്കൽ രജിസ്ട്രേഷന്റെ രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്ത സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ പേര്	ലൈസൻസ് രജിസ്റ്ററിലെ നമ്പർ	കെട്ടിട നമ്പർ
ഡോ.32 മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്	143	12/222

ഇതു സംബന്ധിച്ച് 24.10.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകയറി നം.7 ന് മറുപടി ലഭ്യമാക്കിയതിൽ മേൽ പട്ടികയിൽ ചേർത്തിട്ടുള്ള സ്ഥാപനത്തിൽ നിന്നും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1), 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ആശുപത്രികളും, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച സ്ഥാപനത്തിൽ നിന്നും പാരാ മെഡിക്കൽ രജിസ്ട്രേഷൻ ഫീസ് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-15 മഴക്കാലപൂർവ്വ ശുചീകരണം - ആവശ്യമുള്ള സമയത്ത് പ്രവൃത്തികൾ നടത്തിയിട്ടില്ല

തദ്ദേശ സ്വയംഭരണ (ഡബ്ല്യു എം) വകുപ്പിന്റെ 8.3.24- ലെ WM3/38/2023-LSGD നമ്പർ ഉത്തരവ് പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിന് തനത് ഫണ്ടിൽ നിന്ന് 10000/- രൂപ, ശുചിത്വ മിഷൻ വിഹിതം 10000/- രൂപ, എൻഎച്ച്എം വിഹിതം 10000/- രൂപ എന്നിങ്ങനെ ആകെ 30000 രൂപയാണ് ചെലവഴിക്കാവുന്നത്. ഇതിൽ ശുചിത്വ മിഷൻ വിഹിതം തുക ലഭിക്കുന്നത് മുൻവർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും എന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്ക് വേണ്ടി ശുചിത്വ മിഷനിൽനിന്നും 5000/- രൂപ വീതം ആകെ 85000/- രൂപയും (വൗച്ചർ നമ്പർ - 22300120/15.5.23) തനത് ഫണ്ടിൽ നിന്ന് 10000/- രൂപ വീതം ആകെ 170000/- രൂപയും (വൗച്ചർ നമ്പർ -22300131/15.5.23) തൻവർഷം ചെലവഴിച്ചിട്ടുണ്ട്. വാർഡ് മെംബർ ചെയർമാനായും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ കൺവീനർ ആയും ഉള്ള 17 വാർഡ് സാനിറ്റേഷൻ സമിതികളുടെ അക്കൗണ്ടുകളിലേക്ക് ഒരു വാർഡിന് ആകെ 15000/- രൂപ വീതമാണ് തൻവർഷം നൽകിയിട്ടുള്ളത്.

മഴക്കാലപൂർവ്വ ശുചീകരണത്തിനായിട്ടാണ് തുക അനുവദിച്ചിരിക്കുന്നതെങ്കിലും പല ചെലവുകളും മഴക്കാലത്തിനുശേഷമാണ് നടത്തിയിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് നമ്പർ	പിന്റവലിച്ച തീയതി	തുക	റിമാർക്സ്
1			തൻവർഷം തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.
2	27.3.24	7700	മുന്നിരിപ്പ് ഉൾപ്പെടെയുള്ള തുക വേനലിലാണ് ചെലവഴിച്ചിരിക്കുന്നത്
3	16.3.24	3125	തുക വരൾച്ച മാസത്തിലാണ് ചെലവഴിച്ചിരിക്കുന്നത്
	30.3.24	6880	
4	22.3.24	6330	തുക കടുത്ത വേനലിലുണ് ചെലവഴിച്ചിരിക്കുന്നത്
5	1.7.23	7035	-
6	3.6.24	15000	തൻവർഷം ചെലവില്ല. അടുത്ത വർഷം 15000 രൂപ അംഗൻവാടി ക്ലീനിംഗിനു വേണ്ടി ചെലവഴിച്ചിട്ടുണ്ട്.
7	30.6.23	3000	ക്ലീനിംഗ്
	2.3.24	5000	
8			ഫയൽ ലഭ്യമാക്കിയില്ല
9	21.5.24	10000	തൻവർഷം ചെലവില്ല
	3.6.24	5000	
10	3/2024	15000	തുക വേനലിലാണ് ചെലവഴിച്ചിരിക്കുന്നത്
11	6/2024	15000	തൻവർഷം ചെലവില്ല
12	-	-	തൻവർഷം തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.
13	1/24	5000	മഴക്കാലത്തിന് ശേഷമാണ് തുക ചെലവഴിച്ചത്
14	8/23	3000	-
	2/24	3500	മഴക്കാലത്തിന് ശേഷമാണ് തുക ചെലവഴിച്ചത്
15			തൻവർഷം തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.
16			തൻവർഷം തുക ഒന്നും തന്നെ ചെലവഴിച്ചിട്ടില്ല.
17	9.2.24	5000	വൗച്ചറുകൾ ഇല്ല. ബാക്കി തുക ചെലവഴിച്ചിട്ടില്ല.

തുക അക്കൗണ്ടിൽ ജൂൺ മാസത്തിലാണ് വന്നിരിക്കുന്നതെങ്കിലും ചെലവഴിച്ചിരിക്കുന്നത് പലതും കടുത്ത വേനൽക്കാലത്തുമാണ്.

മഴക്കാലപൂർവ്വ ശുചീകരണം സംബന്ധിച്ച ഉത്തരവിലെ പ്രവർത്തന കലണ്ടർ പ്രകാരം വാർഡിനെ പൂർണ്ണമായും വ്യത്തിയാക്കൽ (പൊതു ശുചീകരണം) എന്ന പ്രവ്യത്തി പൂർത്തിയാക്കേണ്ടത് എപ്രിൽ 30 – നകം ആണ്. എന്നാൽ 15000/- രൂപ അക്കൗണ്ടിൽ വന്നിരിക്കുന്നത് ഈ തീയതിക്ക് ശേഷം 26.6.23– ൽ ആണ്. പല വാർഡുകളിലും തൻവർഷം അനുവദിച്ച തുക ചെലവഴിച്ചിട്ടില്ല.
മഴക്കാലപൂർവ്വ ശുചീകരണത്തിനായി തൻവർഷം ശുചിത്വ മിഷനിൽ നിന്ന് ഫണ്ട് അനുവദിച്ചിട്ടില്ല. ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭിക്കാത്ത സാഹചര്യത്തിൽ ആയത് ലഭ്യമാക്കി തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 വാടക – അപാകതകൾ

2023-24 സാമ്പത്തിക വർഷത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ തൻ വർഷം കെ.എസ്.ഇ.ബിയുമായി കരാർ ചമച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. പ്രസ്തുത അപാകത സൂചിപ്പിച്ച് 25.10.2024 തീയതിയിൽ നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 10 ന് മറുപടി ലഭ്യമാക്കിയതിൽ വാടക കുടിശ്ശികയെല്ലാം ഈടാക്കിയിട്ടുണ്ടെന്നും എന്നാൽ കെ.എസ്.ഇ.ബിയുമായി കരാർ പുതുക്കിയിട്ടില്ല എന്നും പുതുക്കി നിശ്ചയിച്ച വാടക കൂടുതലായതിനാൽ ആയത് പുന:പരിശോധിക്കണമെന്ന് കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വാടക പുതുക്കിയത് പുന:പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്.
പഞ്ചായത്ത് വാടകക്കാരുമായി കരാർ ചമയ്ക്കാത്ത പക്ഷം വാടക ഒടുക്കുന്നതിൽ വാടകക്കാർ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നത് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ

ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. വാടക പുതുക്കി നിശ്ചയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ കരാർ പുതുക്കി വാടക ഈടാക്കേണ്ടതാണ്.

1-17 എൻ.ആർ.ഇ.ജി.എ. - റോഡ് വർക്കുകൾ നടത്തുന്ന പ്രവൃത്തിയിലെ അപാകതകൾ

എൻ.ആർ.ഇ.ജി.എ. ഉത്തരവ് പ്രകാരം ഗ്രാമീണ ഉൽപ്പാദക മേഖലകളിൽ നിന്നും പക്കാ റോഡുകളിലേക്ക് കണക്ഷൻ റോഡുകളും ആവാസ മേഖലകളിലേക്ക് വില്ലേജ് ഉൾറോഡുകളുമാണ് റോഡ് വർക്കുകളിൽ നടപ്പാക്കാവുന്നത്. പുതിയ വില്ലേജ്, ജില്ലാ കണക്ഷൻ റോഡുകളാണ് പണിയേണ്ടത്. നിലവിലുള്ള റോഡുകൾ പുനരുദ്ധരിക്കുന്ന പ്രോജക്ട് നടപ്പാക്കാവുന്നതല്ല. എന്നാൽ ഈ പഞ്ചായത്തിൽ നടത്തിയിരിക്കുന്ന കട്ട വിരിക്കൽ, കോൺക്രീറ്റിംഗ് മുതലായവ ചെയ്തിരിക്കുന്നത് ഓരോരോ സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്ക് ഉള്ള വഴികളിലോ അല്ലെങ്കിൽ പറമ്പുകളുടെ മതിലിന് ഇടയിൽ ഉള്ള നടപ്പ് വഴികളിലോ ആണ്. ഭൂരിഭാഗം പ്രവൃത്തികളും 50 മീറ്ററിൽ താഴെ നീളവും 2 മീറ്ററിൽ താഴെ വീതിയും മാത്രമാണ് ഉള്ളത്. പല വഴികളും അവസാനിക്കുന്നത് സ്വകാര്യ വ്യക്തികളുടെ വീടിന്റെ മുൻപിൽ ആണ്.

ഇപ്രകാരം സ്വകാര്യ വ്യക്തികളുടെ വീടുകളിലേക്ക് ഉള്ള വഴികളിൽ പ്രവൃത്തി നടത്തുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്

1-18 ഇലക്ഷൻ നിക്ഷേപം മുതൽ കൂട്ടിയില്ല

വാർഷിക ധനകാര്യ പത്രികയിലെ ബി-7 ഷെഡ്യൂൾ പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് (340100303) ഇനത്തിൽ ₹48,000/- ബാദ്ധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ 1/6 എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭിക്കുന്ന തെരഞ്ഞെടുപ്പ് ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം നാളിതുവരെ തനത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ട് 23.10.2024-ൽ നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് ലഭിച്ച മറുപടിയിൽ തുക തനതുഫണ്ടിലേക്ക് മാറ്റി അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇലക്ഷൻ നിക്ഷേപം തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം-അപാകതകൾ

പ്രോജക്ട് നമ്പർ, പേര്	67/24, മത്സ്യ തൊഴിലാളികൾക്ക് വള്ളവും വലയും വിതരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	225000/-വികസനഫണ്ട് -ജനറൽ 75000/-ഗുണഭോക്തൃവിഹിതം
ചെലവ്	56625/-വികസനഫണ്ട് -ജനറൽ 32750/-ഗുണഭോക്തൃവിഹിതം
	ആകെ: 89375/-
ബിൽ നം	ACR Bill No -257/12-02-2024, 22500/- ACR Bill No -259/12-02-2024, 34125/- വൗച്ചർ -22301021dt 17/ 2/24, 11375/- വൗച്ചർ -22301263 Dt 22/3/24, 7500/- വൗച്ചർ -22301021dt 30/3/24, 89375/-നൽകേണ്ടതാണ്

മേൽ പ്രോജക്ട് പ്രകാരം 8 ഗുണഭോക്താക്കൾക്ക് വള്ളവും വലയും വിതരണം ചെയ്യുന്നതിന് പദ്ധതി വിഭാവനം ചെയ്ത് നടപ്പിലാക്കുകയും തൻ വർഷം രണ്ട് ഗുണഭോക്താക്കൾക്ക് വള്ളവും വലയും വിതരണം ചെയ്യുകയും ഉണ്ടായി.

1. പദ്ധതി നടപ്പിലാക്കുന്നതിനായി വള്ളം നിർമ്മിച്ച് നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ, മൂന്നു നിർമ്മാതാക്കൾ താഴെ ചേർത്ത പ്രകാരം ടെണ്ടർ സമർപ്പിച്ചു.

സേവ്യർ ടി.ടി. - 22200/-

റാഫേൽ എ.ജെ - 23800/-

സ്റ്റീഫൻ ഡിസിൽവ-22750/ -

സേവ്യർ ടി.ടി. സമർപ്പിച്ച ടെണ്ടറിൽ വള്ളം നിർമ്മിച്ച് സ്വന്തം സൈറ്റിൽ നൽകുന്നതിന് 22200/- രൂപയും പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് നൽകുന്നതിന് ഇതുകൂടാതെ ₹3000/- കൂടി നൽകേണ്ടതാണ് എന്ന് ചേർത്തിരുന്നു. ദർഘാസ് പരസ്യത്തിൽ വള്ളം പഞ്ചായത്ത് നിർദ്ദേശിക്കുന്ന സ്ഥലത്ത് നൽകേണ്ടതാണ് എന്ന നിർദ്ദേശമുണ്ടായിരുന്നില്ല. സേവ്യർ ടി.ടി.യുടെ ടെണ്ടർ തുകയിൽ ട്രാൻസ്പോർട്ടേഷനുള്ള ₹3000/- കൂടി ഉൾപ്പെടുത്തി ആകെ 25200/- രൂപ എന്ന് കണക്കാക്കി ഏറ്റവും കുറഞ്ഞ നിരക്കായ 22750/ -രൂപയുടെ ടെണ്ടർ സമർപ്പിച്ച സ്റ്റീഫൻ ഡിസിൽവ-യ്ക്ക് കരാർ നല്കുകയും ചെയ്തു. എന്നാൽ സ്റ്റീഫൻ ഡിസിൽവയുമായി ഏർപ്പെട്ട കരാറിൽ വള്ളം സ്ഥാപനത്തിന്റെ സൈറ്റിൽ വിതരണം ചെയ്യുന്നതാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനത്തിന്റെ സൈറ്റിൽ സേവ്യർ ടി.ടി. - 22200/- രൂപയ്ക്ക് വള്ളം നിർമ്മിച്ച് നൽകുന്നതിന് തയ്യാറായിരുന്നതിനാൽ ഇദ്ദേഹത്തിനാണ് ടെണ്ടർ അനുവദിക്കേണ്ടിയിരുന്നത്.

2.വള്ളവും വലയും വിതരണം ചെയ്തത് സംബന്ധിച്ച് വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 26-10-24 ലെ ഓഡിറ്റ് എൻകയറി നം.11-നുള്ള മറുപടിയിൽ സേവ്യർ ടി.ടി.യുടെ സ്ഥാപനത്തിന്റെ സൈറ്റ് സ്ഥിതി ചെയ്യുന്ന ചെല്ലാനം ഭാഗത്ത് നിന്നും വള്ളം റോഡു മാർഗ്ഗം കൊണ്ടുവരേണ്ടതുള്ളതിനാൽ ഗുണഭോക്താക്കൾക്ക് ചെലവ് കൂടുതലാണെന്നും സ്റ്റീഫൻ ഡിസിൽവ-യുടെ സ്ഥാപനത്തിന്റെ സൈറ്റ് പുത്തൻവേലിക്കരയ്ക്ക് വളരെ അടുത്ത് കുഞ്ഞിത്തൈ ആയതിനാൽ ചെലവുകൂടാതെ പുഴമാർഗ്ഗം എത്തിക്കാൻ കഴിയും എന്നതിനാലാണ് ഇത്തരത്തിൽ ടെണ്ടർ അനുവദിച്ചത് എന്നറിയിച്ചു. എന്നാൽ മേൽ വിശദാംശങ്ങൾ ഫയലിലോ ടെണ്ടർ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലോ രേഖപ്പെടുത്തിയിട്ടില്ല. വള്ളവും വലയും വിതരണം ചെയ്തത് സംബന്ധിച്ച് വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ദർഘാസ് പരസ്യം സുവ്യക്തമായിരിക്കാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ടെണ്ടർ അംഗീകരിക്കുന്നത് സംബന്ധിച്ചുള്ള കൃത്യമായ വിശദാംശങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ് എന്ന നിർദ്ദേശത്തോടു കൂടി മറുപടി അംഗീകരിക്കുന്നു.

1-20 സെപ്റ്റിക് ടാങ്ക് നിർമ്മാണം-അപാകതകൾ

പ്രോജക്ട് നമ്പർ, പേര്	123/24, സെപ്റ്റിക് ടാങ്ക് നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ	വിഇഒ
അടങ്കൽ	2968800/- ധനകാര്യകമ്മീഷൻ അവാർഡ് 11200/-തനത് ഫണ്ട്
ചെലവ്	780000/- ധനകാര്യകമ്മീഷൻ അവാർഡ്
ACR ബിൽനം	280/11-3-24, 420000/- 303/18-3-24, 180000/- 306/18-3-24, 80000/- 342/24-03-24, 100000/-

മേൽ പ്രോജക്ട് പ്രകാരം 39 ഗുണഭോക്താക്കൾക്ക് സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കുന്നതിനായി 20000/- രൂപ വീതം ആകെ 780000/- രൂപ തൻവർഷം നൽകിയതായി കാണുന്നു.

1. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 6-8b-II-1 പ്രകാരം നിശ്ചിത അളവിലുള്ള സെപ്റ്റിക് ടാങ്കുകൾ സ്ഥാപിക്കേണ്ടതാണ് എന്നും നിർമ്മാണത്തോടൊപ്പം സോക്ക് പിറ്റ് ഉണ്ടായിരിക്കേണ്ടതാണ് എന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ സെപ്റ്റിക് ടാങ്കിന്റെ അളവ് രേഖപ്പെടുത്തുകയോ സോക്ക് പിറ്റ് നിർമ്മാണത്തിന്റെ ചെലവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല .

2. അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള എല്ലാ എസ്റ്റിമേറ്റുകളും 28349.57 രൂപയുടേതാണ്. ഇതിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള 50.18.9.9.1 എന്ന ഡാറ്റ പ്രകാരമുള്ള പ്രവൃത്തി രണ്ടു പ്രാവശ്യം വ്യത്യസ്ത നിരക്കിൽ ചേർത്തതായും കാണുന്നു.

3. സെപ്റ്റിക് ടാങ്കുകൾ സ്ഥാപിച്ചതിന്റെ പൂർത്തീകരണം സംബന്ധിച്ച വിവരവും വാല്യുവേഷൻ സർട്ടിഫിക്കറ്റും ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 24-10-24 ലെ

ഓഡിറ്റ് എൻകവയറി നം. 5 നുള്ള മറുപടിയിൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ഓവർസീയർ സാക്ഷ്യപ്പെടുത്തിയ എസ്റ്റിമേറ്റ് തുകയുടെ 90%, പരമാവധി ₹20000/-ൽ അധികരിക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത് എന്നും നിശ്ചിത അളവിലുള്ള സെപ്റ്റിക് ടാങ്കും സോക്ക് പിറ്റും ഉണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിന് ശേഷമാണ് ആനുകൂല്യം നൽകിയിരിക്കുന്നത് എന്നും മാർഗ്ഗരേഖയിൽ വാല്യൂവേഷൻ സർട്ടിഫിക്കറ്റിനെ പറ്റി പരാമർശിച്ചിട്ടില്ല എന്നതിനാലാണ് വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങാതിരുന്നത് എന്നും അറിയിച്ചു. എസ്റ്റിമേറ്റിൽ സോക്ക് പിറ്റ് നിർമ്മാണത്തിന്റെ 19.3.3. എന്ന ഡാറ്റ ഉൾപ്പെടുത്തുന്നതിന് പകരം തെറ്റായി 50.18.9.9.1 വീണ്ടും രേഖപ്പെടുത്തിയതാണ് എന്നും സോക്ക് പിറ്റ് നിർമ്മാണത്തിന്റെ നിരക്കാണ് രേഖപ്പെടുത്തിയിരുന്നത് എന്നതിനാൽ ആകെ എസ്റ്റിമേറ്റിൽ വ്യത്യാസമില്ല എന്നും അറിയിച്ചു.

ഭാവിയിൽ കൃത്യമായ എസ്റ്റിമേറ്റ് പ്രകാരം തുക അനുവദിക്കേണ്ടതും എസ്റ്റിമേറ്റ് പ്രകാരമുള്ള നിശ്ചിത അളവിലുള്ള സെപ്റ്റിക് ടാങ്കുകൾ സ്ഥാപിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

1-21 തുടർ സാക്ഷരതാ പ്രവർത്തനം-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല-₹51250/-തടസ്സം

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ ഗവ. യു പി സ്കൂൾ
പ്രൊജക്ട് നമ്പർ/പേര്	36/24 തുടർ സാക്ഷരതാ പ്രവർത്തനം
അടങ്കൽ	₹60000/-തനത് ഫണ്ട്
ചെലവ്	₹51250/ – തനത് ഫണ്ട്
ബിൽ നം	വൗച്ചർ നം. 22301022 Dt 17-2-24, 51250/-

മേൽ പ്രോജക്ട് പ്രകാരം വിവിധ തുല്യതാ പഠന കോഴ്സുകൾക്കുള്ള ഫീസ് ഇനത്തിൽ താഴെ ചേർത്ത വിശദാംശങ്ങൾ പ്രകാരം കേരള സംസ്ഥാന സാക്ഷരതാ മിഷന് 51250/-രൂപ കൈമാറിയിട്ടുണ്ട്.

ക്രമ നം.	കോഴ്സ്	പഠിതാക്കളുടെ എണ്ണം	കോഴ്സ് ഫീസ്	ആകെ തുക
1	പത്താം തരം ജനറൽ	9	1950/-	17550/-
2	ഹയർ സെക്കണ്ടറി (+1)	5	2600/-	13000/-
3	ഹയർ സെക്കണ്ടറി (+2)	9	2300/-	20700/-
	ആകെ			51250/-

കോഴ്സ് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് 26-10-24 ൽ നൽകിയ ഓഡിറ്റ് എൻകവയറി നം. 12 നുള്ള മറുപടിയിൽ പഠിതാക്കളുടെ പരീക്ഷകൾ നടന്നുവരുന്നതേയുള്ളൂ എന്നും വിനിയോഗസാക്ഷ്യപത്രം നൽകുന്നതിനായി സാക്ഷരതാമിഷന് കത്ത് നൽകിയതായും അറിയിച്ചു. കോഴ്സ് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ 51250/-രൂപ തടസ്സപ്പെടുത്തുന്നു.

1-22 സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ

1. പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യസുരക്ഷാ പെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/ നിർദ്ദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം)എസ്) നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്, പെൻഷൻ നം., പഞ്ചായത്ത്	മരണപ്പെട്ട തീയതി, പെൻഷൻ ഇനം	പെൻഷൻ തുക വിതരണം	അപാകത

1	റോസിലി 106990202545	10-5-2023. വാർദ്ധക്യകാല പെൻഷൻ	11/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.	മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല.
2	ജോയ് ടി.ഒ 106990202575	25-7-2022 വാർദ്ധക്യകാല പെൻഷൻ	11/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.	മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല.
3	മുരളീധരൻ എം.എസ് 106990201521	11-3-23, വാർദ്ധക്യകാല പെൻഷൻ	6/2023 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.	മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല.
4	ദേവു കുട്ടപ്പൻ 106990600866	17-3-23. വിധവ പെൻഷൻ	4/2023 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു.	മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല.

മേൽ ഗുണഭോക്താകൾക്ക് മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദു ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. കൂടാതെ മരണപ്പെട്ടിട്ടും ആക്ടീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും അക്കൗണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിച്ചതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ലഭ്യമാക്കിയ ഫയൽ പ്രകാരം മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന അവസരങ്ങളിലും പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് വൈകുമ്പോഴും പെൻഷണറുടെ മരണശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതിന് ബാങ്കുകൾക്ക് കത്തു നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പെൻഷനറുടെ പേര്, നം	മരണപ്പെട്ട തീയതി	തുക
1	ആനീസ്, 106990200751	25-12-2019	67000
2	ജോസഫ് വറീത്, 10699020139	28-1-2020	2700
3	മണി, 106990201309	27-8-2021	44700
4	ജോസഫ് കെകെ, 106990201454	8-6-2021	28800

ഇതിൽ നിന്നും പെൻഷൻ സമയബന്ധിതമായി സസ്പെൻഡ് ചെയ്യപ്പെടുന്നില്ല എന്ന് വ്യക്തമാകുന്നു. മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള തുകകൾ തിരികെ അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഇപ്രകാരം തുകകൾ തിരികെ അടവാക്കേണ്ട എല്ലാവരുടെയും വിവരങ്ങൾ ബാങ്കുകളിൽ നിന്ന് സ്വീകരിച്ച് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

4.സാമൂഹ്യ ക്ഷേമ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നത് സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ ആവശ്യമായ എല്ലാ വിശദാംശങ്ങളും ചേർത്ത് സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ ആവശ്യമായ എല്ലാ വിശദാംശങ്ങളും ചേർത്ത് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചു.

അപാകതൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 28-10-24 ലെ ഓഡിറ്റ് എൻകയറി നം.14നുള്ള മറുപടിയിൽ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ശ്രീമതി ആനിസ്, ശ്രീ. ജോസഫ് വറീത് എന്നിവർക്ക് അധികം നൽകിയ തുക ബാങ്ക് സാമൂഹ്യസുരക്ഷാമിഷനിലേക്ക് അടവാക്കിയതായും അറിയിച്ചു. കൃത്യമായ വിദാംശങ്ങൾ അടക്കം തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

1-23 കേരള ബാങ്ക് അക്കൗണ്ട്- പലിശ ലഭ്യമാകുന്നില്ല

ഗ്രാമപഞ്ചായത്തിന് കേരള സംസ്ഥാന സഹകരണ ബാങ്ക് പുത്തൻവേലിക്കര ശാഖയിൽ (കേരള ബാങ്ക്) ചുവടെ ചേർക്കും പ്രകാരമുള്ള ബാങ്ക് അക്കൗണ്ട് ഉണ്ട്. 11.11.2022 ൽ ₹18,57,811/- നിക്ഷേപിച്ചാണ് അക്കൗണ്ട് തുടങ്ങിയതായി കാണുന്നത്. പഞ്ചായത്തിന്റെ തനതുഫണ്ട് ഇടപാടുകൾക്കാണ് അക്കൗണ്ട്

തുടങ്ങിയത്.

അക്കൗണ്ട് നം	ആവശ്യകത	മാർച്ച് 2024 ലെ നീക്കിയിരിപ്പ്	AFS പ്രകാരം അക്കൗണ്ട് നം
144912804000013	തനതുഫണ്ട്	18,57,811/-	04328100000001

പഞ്ചായത്തിന്റെ തനതുഫണ്ട് ഇടപാടുകൾക്കാണ് അക്കൗണ്ട് തുടങ്ങിയതെങ്കിലും, മാർച്ച് 2023 ൽ 54,971/-രൂപ, പലിശയിനത്തിൽ ക്രെഡിറ്റാക്കിയെങ്കിലും ബാങ്ക് തന്നെ ആ തുക തിരിച്ചെടുത്തതായി കാണുന്നു. തനതുഫണ്ട് ആവശ്യങ്ങൾക്ക് തുടങ്ങിയ അക്കൗണ്ട് ആയിരുന്നിട്ടും, എസ്ബി ലോക്കൽ ബോഡീസ് പ്ലാൻ ഫണ്ട് എന്ന വിഭാഗത്തിലാണ് മേൽ അക്കൗണ്ട് ഉൾപ്പെടുത്തിക്കാണുന്നത്.

₹18,57,811/-ഇപ്രകാരം 11.11.2022 മുതൽ പലിശയൊന്നും ലഭിക്കാതെ കിടക്കുന്ന ഈ അക്കൗണ്ടിൽ നാളിതുവരെ മറ്റ് പണമിടപാടുകളൊന്നും നടത്തിയിട്ടില്ല. ഈ തുക സ്ഥിരനിക്ഷേപമാക്കിയിരുന്നെങ്കിൽ പ്രതിവർഷം 1,48,000/-രൂപ പലിശ ലഭിക്കുമായിരുന്നു (ശരാശരി 8% നിരക്കിൽ). ഇപ്രകാരം തനതുഫണ്ടിൽ വലിയൊരു തുക പലിശയൊന്നും ലഭിക്കാത്ത അക്കൗണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.02/23.10.2024) ബാങ്കുമായി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ പലിശ തുക വരവ് വെച്ച് നൽകുന്നതാണെന്നും, വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചു. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മേൽത്തുക സ്ഥിരനിക്ഷേപമാക്കി മാറ്റാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-24 ജി.എസ്.ടി തുക അടവാക്കാതെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് വിനിയോഗിച്ച് റിട്ടേൺ ഫയൽ ചെയ്തു

350200206-Recoveries Payable Goods And Services Tax-SGST, 350200205-Recoveries Payable Goods And Services Tax-CGST എന്നീ ശീർഷകങ്ങളിൽ നിന്നും ആകെ ₹5,094/- തൻവർഷം 120200199- Compensations In Lieu Of Taxes/Duties-Others എന്ന ശീർഷകത്തിലേക്ക് ജേർണൽ ചെയ്ത് തുക വകമാറ്റിയിട്ടുണ്ട്. ഇപ്രകാരം ജി.എസ്.ടി സർക്കാരിലേക്ക് അടവാക്കാതെ വരുമാന ഹെഡിലേക്ക് തുക വകമാറ്റി ജി.എസ്.ടി ബാധ്യത ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം 01/23.10.2024) പഞ്ചായത്തിന്റെ ജി.എസ്.ടി അക്കൗണ്ടിലെ ക്യാഷ് ലെഡ്ജറിലെ നീക്കിയിരിപ്പു തുകയിൽ നിന്നും ₹5094/- വിനിയോഗിച്ച് റിട്ടേൺ ഫയൽ ചെയ്തതിനാൽ യഥാർത്ഥത്തിൽ തുക അടവാക്കേണ്ടിവന്നില്ലെന്നും, ആയതിനാലാണ് ആ തുക 120200199- Compensations In Lieu Of Taxes/Duties-Others എന്ന ശീർഷകത്തിലേക്ക് ജേർണൽ ചെയ്തതെന്നുമാണ് അറിയിച്ചത്.

പഞ്ചായത്തിൽ ജി.എസ്.ടി ഇനത്തിൽ വരവ് വന്ന മുഴുവൻ തുകയും സർക്കാരിലേക്ക് അടവാക്കാതെ, മുൻവർഷത്തെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിച്ച തുക ക്രമീകരിച്ച് പഞ്ചായത്തിന്റെ ജി.എസ്.ടി ബാധ്യത കുറക്കുകയാണ് ചെയ്തിട്ടുള്ളത്. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇപ്രകാരം ഉപയോഗിക്കുന്നതിന് സർക്കാർ നിർദ്ദേശമുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. ജി.എസ്.ടി ഇനത്തിൽ പഞ്ചായത്തിൽ ലഭിക്കുന്ന തുക യഥാസമയം സർക്കാരിലേക്ക് അടവാക്കി റിട്ടേൺ സമർപ്പിക്കാത്തത് ശരിയായ നടപടിയല്ല. ജി.എസ്.ടി സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-25 ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് ആപ്പ്-പ്രവർത്തനക്ഷമമായില്ല

പ്രൊജക്ട് നം. പേര്	201/24- ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് ആപ്പ്.
നിർവ്വഹണ ഉദ്യോഗസ്ഥൻ,	സെക്രട്ടറി
അടങ്കൽ	₹3,00,000/- (₹2,50,000/-വികസനഫണ്ട്-ജനറൽ + ₹50,000/-തനതുഫണ്ട്)
ചെലവഴിച്ച തുക	₹2,04,900/-(ബിൽ നം 236/ 07.02.2024.)

സ.ഉ.(സാധാ) 2307/2021/ത.സ്വ.ഭ.വ./18.11.2021 നമ്പർ ഉത്തരവ് പ്രകാരം സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹരിതകർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിന് ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ്ജ് നൽകുന്നതിനും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ചുവടെ ചേർക്കും പ്രകാരം ആകെ ₹2,04,900/-പ്രോജക്റ്റിനായി

നീക്കിവയ്ക്കണമെന്ന് ടി ഉത്തരവിൽ നിർദ്ദേശമുണ്ട്.

	കെൽട്രോണിന് സർവ്വീസ് ചാർജ്ജ്	ക്യു.ആർ കോഡ് തുക	എസ്.എം.എസ് തുക	ലാപ്ടോപ്പ്, മറ്റുള്ളവ	ആകെ നീക്കിവയ്കേണ്ട തുക
ഗ്രാമപഞ്ചായത്ത് 6 മാസത്തേക്ക്	₹ 1,35,700	₹ 12,000	₹ 7,200	₹ 50,000	₹2,04,900/-

ഹരിതമിത്രം-സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി മേൽപ്രകാരം ആകെ ₹2,04,900/-കെൽട്രോണിന് നൽകി (₹2,625/-ആദായനികുതിയിനത്തിൽ കുറവ് ചെയ്ത് ₹2,02,275/-ആണ് കെൽട്രോണിന് നൽകിയിട്ടുള്ളത്) കരാറിലേർപ്പെട്ടിട്ടുണ്ട്. ഇതിൽ ലാപ്ടോപ്പ് സപ്ലൈ ചെയ്തിട്ടുള്ളതിന്റെ ഇൻവോയ്സ് (ഇൻവോയ്സ് നം CPG/13808/23-24 തീയതി 17.01.2024 ₹50,000/-പ്രകാരം) ഫയലിലുണ്ട്. എന്നാൽ ക്യു.ആർ കോഡുകൾ സപ്ലൈ ചെയ്തതായി കാണുന്നില്ല. മേൽ തുകയ്ക്കുള്ള ഒറിജിനൽ ഇൻവോയ്സ് ഫയലിൽ ഇല്ല.

വീടുകളിലും സ്ഥാപനങ്ങളിലും ക്യു.ആർ കോഡുകൾ സ്ഥാപിച്ച് മാലിന്യശേഖരണത്തിന്റെ വിവരങ്ങൾ യഥാസമയം ബന്ധപ്പെട്ടയാളുകളെ എസ്.എം.എസ് മുഖേന അറിയിക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കുക എന്നതായിരുന്നു പ്രോജക്റ്റ് ലക്ഷ്യം.

മേൽ പ്രോജക്റ്റിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരവും, ഒറിജിനൽ ഇൻവോയ്സുകളും, സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.25/24.10.2024) 11000 ക്യു.ആർ കോഡുകൾ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും, അവ സ്ഥാപിക്കുന്ന പ്രവൃത്തി 93 % പൂർത്തിയായെന്നും അറിയിച്ചു. ക്യു.ആർ കോഡ് സപ്ലൈ ചെയ്തതിന്റെ ടാക്സ് ഇൻവോയ്സും ലഭ്യമാക്കി. അതുപ്രകാരം 11000 ക്യു.ആർ കോഡുകളുടെ വില ₹10,154/- ആണ്. നേരത്തേ ഈ ആവശ്യത്തിലേക്ക് ₹ 12,000/- അടവാക്കിയിട്ടുള്ളതിനാൽ ബാക്കി ₹1,846/-കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. തുക ലഭ്യമായ വിവരവും, ഹരിതമിത്രം ആപ്പ് പൂർണ്ണ പ്രവർത്തനക്ഷമമാക്കിയും വിവരം അറിയിക്കേണ്ടതണ്.

1-26 നിക്ഷേപപ്രവൃത്തികൾ-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല-₹21,84,566/- തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/വൗച്ചർ നമ്പർ.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാലൻസ് തുക
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം.12/24)	42301150/31.03.24	2,00,000/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	2,00,000/-
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം.157/24)	42301148/31.03.24	1,99,804/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	1,99,804/-
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷൻ (പ്രോജക്ട് നം.157/24)	42301149/31.03.24	5,00,000/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	5,00,000/-
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് പോസ്റ്റ് മാറ്റിയിടൽ (പ്രോജക്ട് നം.160/24)	42301476/31.03.24	47,762/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	47,762/-
കേരള വാട്ടർ അതോറിറ്റി	കുടിവെള്ള പൈപ്പ് ലൈൻ	42301146/31.03.24	12,37,000/-	0 (വിനിയോഗ	12,37,000/-

	എക്സ്റ്റെൻഷൻ (പ്രോജക്ട് നം.215/24)			സാക്ഷ്യപത്രം ലഭ്യമായില്ല)	
ആകെ		21,84,566			

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിച്ച് വിവരം അറിയിക്കുന്നതുവരെ ചെലവുതുക ₹21,84,566/- തടസ്സപ്പെടുത്തുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-2024 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്	

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	13,40,000	77/24-ലൈഫ് ഭവന പദ്ധതി-ജനറൽ	13,40,000	0
	2023-24	8,60,000	78/24-ലൈഫ് ഭവന പദ്ധതി-എസ്.സി.	8,60,000	0
	2023-24	50,000	75/24-അംഗൻവാടി പോഷകാഹാരം	50,000	0
	2023-24	1,20,450	54/24-പാലിയേറ്റീവ് കെയർ	1,20,450	0
	2023-24	1,75,000	105/24-ക്ഷീരകർഷകർക്ക് സബ്സിഡി	1,75,000	0
	2023-24	4,42,140	51/24-ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	4,42,140	0
	2023-24	29,100	180/24-അതിദരിദ്രർക്ക് മരുന്ന്	29,100	0
	2023-24	70,900	119/24-അതിദരിദ്രർക്ക് ഭക്ഷണം	70,900	
	ആകെ	**30,87,590**		**30,87,590**	
ജില്ലാപഞ്ചായത്ത്	2023-24	1,48,080	51/24-ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	1,48,080	0
	2023-24	4,89,175	108/24-നെൽക്കൃഷി പ്രോൽസാഹനം	4,89,175	0
	2023-24	2,25,000	105/24-ക്ഷീരകർഷകർക്ക് സബ്സിഡി	2,25,000	0
	2023-24	6,80,000	78/24-ലൈഫ് മിഷൻ ഭവനപദ്ധതി (എസ്.സി)	6,80,000	0

	2023-24	16,80,000	77/24-ലൈഫ് മിഷൻ ഭവനപദ്ധതി (ജനറൽ)	16,80,000	0
	2023-24	3,97,861	169/24-തുരുത്തിപ്പുറം ബേക്കറി റോഡ് പുനരുദ്ധാരണം	3,97,861	0
	2023-24	3,40,000	18/24- പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	3,40,000	0
	ആകെ	**39,60,116**		**39,60,116**	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/വൗച്ചർ നമ്പർ.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാലൻസ് തുക
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.16/2024)	42301150/31.03.24	2,00,000/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	2,00,000/-
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.157/2024)	42301148/31.03.24	1,99,804/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	1,99,804/-
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.157/2024)	42301149/31.03.24	5,00,000/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	5,00,000/-
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈറ്റ് പോസ്റ്റ് മാറ്റിയിടൽ (പ്രോജക്ട് നം.160/24)	42301476/31.03.24	47,762/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	47,762/-
കേരള വാട്ടർ അതോറിറ്റി	കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.215/24)	42301146/31.03.24	12,37,000/-	0 (വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല)	12,37,000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തൻവർഷം എടുത്ത വായ്പ തുക	തൻവർഷം തിരിച്ചടച്ച തുക (ഉത്തരവിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി.എഫ്.സി ലോൺ	ജി.ഒ.എം.എസ് 2278/തസ്വഭവ 18.8.2018	1,08,55,493	43,20,000	28,20,508/-	-	1,23,54,985

ജി.ഒ.പ്രോജക്ട് തിരിച്ചടവിന്റെ വിവരം

നമ്പർ	പേര്	തുക
എസ്.0222/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	₹ 5,46,470/-
എസ്.0225/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	₹ 5,46,470/-
എസ്.0228/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ)	₹ 5,46,470/-
എസ്.0229/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി)	₹ 3,93,698/-

എസ്.0223/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി)	₹ 3,93,700/-
എസ്.0226/24	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.എസ്.പി)	₹ 3,93,700/-
ആകെ		₹28,20,508/-

4-6 സ്ഥിരനിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	45,79,710/-
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	3,44,542/-
ആകെ	49,24,252/-
തന്നാണ്ടിൽ പിൻവലിച്ച തുക (ബാങ്ക് ചാർജ്ജസ്)	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	49,24,252/-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	പുതുക്കി നിക്ഷേപിച്ച തീയതി, എഫ്.ഡി.നമ്പർ	കാലയളവ്	തുക
1	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2023/56132	12 മാസം	5,35,000/-
2	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2023/56133	12 മാസം	5,35,000/-
3	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2023/56134	12 മാസം	5,35,000/-
4	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2023/56135	12 മാസം	6,46,595/-
5	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	08.04.2023/56131	12 മാസം	1,88,639/-
6	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	12.04.2023/56171	12 മാസം	2,26,283/-
7	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	16.04.2023/56187	12 മാസം	1,76,904/-
8	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2024/58737	12 മാസം	6,18,642/-
9	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2024/58738	12 മാസം	1,74,108/-
10	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2024/58739	12 മാസം	2,22,393/-
11	പുത്തൻവേലിക്കര സർവീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.3445	10.03.2024/58740	12 മാസം	3,20,918/-
12	പുത്തൻവേലിക്കര സർവീസ്	10.03.2024/58741	12 മാസം	7,44,770/-

	കോ ഓപ്പറേറ്റിവ് ബാങ്ക് ലി.3445			
			ആകെ	49,24,252/-

4-7 ഓഡിറ്റ് റിക്കവറി

180400103-Recovery From Employees -Audit Recovery Based On Audit Report/Audit Enquiryഎന്ന ശീർഷകത്തിൽ ₹2000/-, 180400103-Recovery From Others -Audit Recovery എന്ന ശീർഷകത്തിൽ ₹1,02,246/- എന്നിങ്ങനെ വരവുണ്ടെങ്കിലും, അവയുടെ വിശദാംശം ലഭ്യമായില്ല (ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ എന്നിവ). ഓഡിറ്റ് എൻകൗയറിയുടെ അടിസ്ഥാനത്തിൽ അടവാക്കിയതാണോ എന്നതിലും വ്യക്തതയില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ലഭിച്ച തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിപ്പോരേണ്ടതുമാണ്.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

4-9 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹ 5,05,54,432
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹ 5,01,81,767
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹22,35,816

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-21	51,250/-	ശ്രീമതി മീരു പി.കെ., ഹെഡ്മിസ്ട്രസ്
1-26	21,84,566/-	ശ്രീ.ഷാജിമോൻ എൻ.എം, സെക്രട്ടറി
ആകെ	22,35,816/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും,ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഷാജിമോൻ എൻ.എം, സെക്രട്ടറി	സെക്രട്ടറി, മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത്	നെടുംചിറയിൽ ഹൗസ്, കോതമംഗലം -688527.
ശ്രീമതി.മീരു പി.കെ. ഹെഡ്മിസ്ട്രസ്	ഹെഡ്മിസ്ട്രസ്, പി.എസ്.എം.ജി.എൽ.പി.എസ്. പുത്തൻവേലിക്കര	ചന്ദ്രശ്ശേരിൽ ഹൗസ്, മുത്തകുന്നം, മുത്തകുന്നം പി.ഒ- 683516

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	റിമാർക്സ്
1996-97	എൽ.എഫ്.ഇ (പി3)14/05 തീയതി.05.02.2005	
1997-98ചെലവ്	എൽ.എഫ്.ഇ (പി3)88/05 തീയതി.07.05.2005	
1997-98	എൽ.എഫ്.ഇ (പി3)2085/05 തീയതി.04.03.2009	
1998-99ചെലവ്	എൽ.എഫ്.ഇ (പി3)2085/05 തീയതി.04.03.2009	
1998-99 വരവ്	എൽ.എഫ്.ഇ (പി3)1079/06 തീയതി.06.08.2007	
1999-00വരവ്	എൽ.എഫ്.ഇ (പി3)1080/06 തീയതി16.07.2007	
2000-01ചെലവ്	എൽ.എഫ്.ഇ (പി5)122/05 തീയതി.19.08.2005	

2001-02ചെലവ്	എൽ.എഫ്.ഇ (പി3)137/05 തീയതി.19.08.2005	
2006-07	എൽ.എഫ്.ഇ (പി10)856/12 തീയതി.25.06.06/ 10.07.12	
2007-08	എൽ.എഫ്.ഇ (പി10)857/12 തീയതി.25.06.06/ 10.07.12	
2008-09	എൽ.എഫ്.ഇ (പി10)858/12 തീയതി.25.06.06/ 10.07.12	
2009-10	എൽ.എഫ്.ഇ (പി10)859/12 തീയതി.26.06.06/ 10.07.12	
2010-11	എൽ.എഫ്.ഇ (പി10)860/12 തീയതി.26.06.06/ 10.07.12	
2011-12	എൽ.എഫ്.ഇ (പി3)979/14 തീയതി.28.08.14/ 10.10.14	
2012-13	എൽ.എഫ്.ഇ (പി3)979/14 തീയതി.28.08.14/ 10.10.14	
2013-14&14-15	എൽ.എഫ്.ഇ (പി11)390/16 തീയതി.11.08.16	
2015-16	എൽ.എഫ്.ഇ (പി11)2119/16 തീയതി.15.12.16	
2016-17	കെ.എസ്.എ-ഇ.കെ.എം (പി11)1857/17 തീയതി.17.11.17	
2017-18	കെ.എസ്.എ-ഇ.കെ.എം (പി11)302/19 തീയതി.22.03.19	
2018-19	കെ.എസ്.എ-ഇ.കെ.എം (പി11)129/2020 തീയതി.16.03.2020	
2019-20	കെ.എസ്.എ-ഇ.കെ.എം (പി11)123/2022 തീയതി 23.06.2022	
2020-21	കെ.എസ്.എ-ഇ.കെ.എം (പി11)124/2022 തീയതി 23.06.2022	
2021-22	കെ.എസ്.എ-ഇ.കെ.എം (പി11)298/2023 തീയതി 17.04.2023	
2022-23	കെ.എസ്.എ-ഇ.കെ.എം (പി11)1207/2023 തീയതി 10.10.2023	

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 27-07-2024 and submitted on 27-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Puthenvelikara Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Puthenvelikara Grama Panchayat as on 31-03-2024

Date: 21/11/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Puthenvelikara Grama Panchayat for the Year 2023-2024.

1.Major Observations

1. Lack of free and independent access to Accounting and all other softwares which have direct or indirect impact on financial reports and information

2. Lack of Panchayath Raj Budget Rules adversely affecting budgetary control system.

3. The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing Asset Register.

4. Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

2.Other Observations

1. Fundamental ratios are not included in the Annual Financial Statement as directed in the rule 62(F) of Kerala Panchayath accounts rules, 2011.

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

3. Deposit Register is not properly maintained.

4. Closing balance of NREGA account does not match with the closing balance as per bank book.

5. Closing balance as per Joint Venture projects account does not match with the closing balance of the concerned bank book.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്